കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററും, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ഉം ആയിരുന്ന ശ്രീമതി എൻ.ബെനില ബ്രൂണോയ്ക്ക് ആർജ്ജിതാവധി അനുവദിച്ചപ്പോൾ, പ്രസ്തുത തസ്തികകളുടെ അധികച്ചുമതല, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)-യ്ക്ക് നല്കിയ പാലക്കാട് ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1873/2018/ത.സ്വ.ഭ.വ                    തിരുവനന്തപുരം, തീയതി, 07.07.2018.

---

പരാമർശം: 1) പാലക്കാട് ജില്ലാ കളക്ടറുടെ 26.05.2018-ലെ സി-504/18 നമ്പർ നടപടിക്രമം

2) ഗ്രാമവികസന കമ്മീഷണറുടെ 12.06.2018-ലെ 250/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററും, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ഉം ആയിരുന്ന ശ്രീമതി എൻ.ബെനില ബ്രൂണോയ്ക്ക് കുട്ടിയുടെ ചികിത്സാർത്ഥം 21.05.2018 മുതൽ 30 ദിവസത്തെ ആർജ്ജിതാവധി അനുവദിച്ചപ്പോൾ, പ്രസ്തുത തസ്തികകളുടെ അധികച്ചുമതല, പരാമർശം (1) പ്രകാരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ) ആയിരുന്ന ശ്രീ.ബി.എൽ.ബിജിത്തിന് നല്കിയ പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററും, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ഉം ആയിരുന്ന ശ്രീമതി എൻ.ബെനില ബ്രൂണോയ്ക്ക് ആർജ്ജിതാവധി അനുവദിച്ചപ്പോൾ, പ്രസ്തുത തസ്തികകളുടെ അധികച്ചുമതല, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ) ആയിരുന്ന ശ്രീ.ബി.എൽ.ബിജിത്തിന് നല്കിയ പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.ബി.എൽ.ബിജിത്ത്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ), പാലക്കാട്

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, പാലക്കാട്

ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

✓വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ